REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** **26-07-2025** **സമയം** **06.45 AM**

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് തമിഴ്നാട്ടിലെത്തും.**
- **പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ചും, ഓപ്പറേഷൻ സിന്ദൂറിനെപ്പറ്റിയും തിങ്കളാഴ്ച പാർലമെന്റിൽ പ്രത്യേക ചർച്ച.**
- **ഇന്ന് കാർഗിൽ വിജയ് ദിവസ്.**
- **സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യത. ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി. മൂന്ന് ദിവസം മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് മുന്നറിയിപ്പ്.**
- **ഇന്ത്യ- ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ട് മികച്ച സ്കോറിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് തമിഴ്നാട്ടിലെത്തും. UK - മാൽദീവ്സ് പര്യടനം പൂർത്തിയാക്കി നരേന്ദ്രമോദി നേരിട്ട് തൂത്തുക്കുടിയിലെത്തിയാണ് തമിഴ്നാട് സന്ദർശനം ആരംഭിക്കുന്നത്. 4,800 കോടിയിലേറെ രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തൂത്തുക്കുടിയിൽ തുടക്കമിടും. ഏതാനും പുതിയ പദ്ധതികൾക്ക് പ്രധാനമന്ത്രി തറക്കല്ലിടുകയും ചെയ്യും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

തൂത്തുക്കുടി വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ സമുച്ചയം, സേദിയാത്തോപ്പ് - ചോളാപുരം നാലുവരി പാതയും, ആറുവരി തൂത്തുക്കുടി തുറമുഖ റോഡും, മധുര- ബോഡിനായ്ക്കന്നൂർ 90 കിലോമീറ്റർ റെയിൽപ്പാത വൈദ്യുതിവത്ക്കരണവും, നാഗർകോവിൽ- കന്യാകുമാരി പാതയിലെ 21 കിലോമീറ്റർ പാത ഇരട്ടിപ്പിക്കൽ എന്നിവ അദ്ദേഹം നാടിന് സമർപ്പിക്കും. കൂടംകുളം ആണവ നിലയത്തിൽ നിന്ന് വൈദ്യുതി കൊണ്ടു പോകുന്ന അന്തർസംസ്ഥാന ലൈൻ നിർമ്മാണത്തിന് പ്രധാനമന്ത്രി തുടക്കമിടും.

നാളെ ചോളരാജാവ് രാജേന്ദ്രചോളൻ ഒന്നാമന്റെ സഹസ്ര വാർഷിക ആഘോഷത്തിലും, തിരുച്ചിറപ്പള്ളിയിൽ ഗംഗൈകൊണ്ട ചോളപുരം ക്ഷേത്രത്തിലെ ആദി തിരുവാതിര ഉത്സവത്തിലും പ്രധാനമന്ത്രി സംബന്ധിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മാൽദീവ്സ് സന്ദർശനത്തിനിടെ ഇന്ത്യയും മാലിദ്വീപും എട്ട് കരാറുകളും, ആറ് ധാരണാപത്രങ്ങളും ഒപ്പുവെച്ചതായി വിദേശകാര്യമന്ത്രാലയം അറിയിച്ചു. സ്വതന്ത്ര വ്യാപാരക്കരാർ, മൽസ്യബന്ധനം, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ , UPI എന്നിവയടക്കം വിഷയങ്ങളിലാണ് ധാരണാപത്രങ്ങൾ. മാലിദ്വീപിന് 4,850 കോടി രൂപ വായ്പ്പാപരിധിയും പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മാലിദ്വീപ് സന്ദർശനം സമയോചിതവും ഫലപ്രദവുമായിരുന്നെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി പറഞ്ഞു. ഇതാദ്യമായി ഇന്ത്യൻ രൂപയിൽ മാലിദ്വീപിന് വായ്പാ സഹായം നൽകുമെന്നും അദ്ദേഹം മാലിയിൽ പ്രത്യേക വാർത്താസമ്മേളനത്തിൽ പറഞ്ഞു.

✪✪✪

പുതുതായി നിലവിൽവന്ന ഇന്ത്യ-UK സ്വതന്ത്ര വ്യാപാരക്കരാർ കേരളത്തിലെ സമുദ്രോത്പന്ന മേഖലയ്ക്കും സുഗന്ധവ്യഞ്ജന മേഖലയ്ക്കും ഏറെ പ്രയോജനകരമാകുമെന്ന് വിലയിരുത്തൽ. ചെമ്മീൻ, ട്യൂണ, തുടങ്ങിയ സമുദ്രോത്പന്നങ്ങൾക്കും, കുരുമുളകടക്കം സുഗന്ധവ്യഞ്ജനങ്ങൾക്കും ബ്രിട്ടനിൽ ആവശ്യക്കാർ വർദ്ധിക്കാൻ കരാർ വഴിതുറക്കും. കൊച്ചിയിലെയും ആലപ്പുഴയിലെയും സമുദ്രോത്പന്ന കയറ്റുമതി ഇതിലൂടെ കൂടുമന്നാണ് വിലയിരുത്തുന്നത്.

✪✪✪

പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ചും, ഓപ്പറേഷൻ സിന്ദൂറിനെപ്പറ്റിയും പാർലമെന്റിൽ പ്രത്യേക ചർച്ച നടത്തുമെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു പറഞ്ഞു.

തിങ്കളാഴ്ച്ച ലോക്സഭയിലും ചൊവ്വാഴ്ച്ച രാജ്യസഭയിലും ഈ വിഷയത്തിൽ 16 മണിക്കൂർ വീതം ചർച്ച നടത്താനാണ് തീരുമാനം.

ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ അധ്യക്ഷതയിൽ ചേർന്ന ബിസിനസ് അഡ്വൈസറി കമ്മിറ്റി യോഗത്തിലാണ് തീരുമാനമെടുത്തതെന്നും റിജിജു ന്യൂഡൽഹിയിൽ അറിയിച്ചു.

പാർലമെന്റിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ രാഷ്ട്രീയ പാർട്ടികൾ സമവായത്തിലെത്തിയതായും, ജസ്റ്റിസ് യശ്വന്ത് വർമ്മയ്ക്കെതിരായ ഇംപീച്ച്മെന്റ് പ്രമേയം സംയുക്തമായി ചർച്ച ചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും കിരൺ റിജിജു പറഞ്ഞു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഔദ്യോഗിക പദവിയിൽ മൂന്നു വർഷം പൂർത്തിയാക്കി. ഈ വർഷങ്ങളിൽ രാഷ്ട്രപതി ഭവനിൽ സംഘടിപ്പിച്ച നിരവധി സുപ്രധാന സംരംഭങ്ങളിൽ അവർ ഭാഗമായി. രാജ്യത്തിന്റെ വിജയ യാത്രയിൽ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുമായി ഇടപെടാൻ സാധിച്ചതിലും പോയ വർഷങ്ങളിൽ പല സുപ്രധാന തീരുമാനങ്ങളും എടുക്കാനായതിലും രാഷ്ട്രപതി സംതൃപ്തി പ്രകടിപ്പിച്ചു.

✪✪✪

ഭീകരപ്രവർത്തനങ്ങളിലും കള്ളക്കടത്തിലും ഉൾപ്പെട്ടവരും, ഒളിവിൽ കഴിയുന്നവരുമായ എല്ലാവരെയും പിടികൂടാൻ അർപ്പണബോധത്തോടെ പ്രവർത്തിക്കണമെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ നിയമ നിർവഹണ ഏജൻസികളോട് ആവശ്യപ്പെട്ടു. ഇതിന് കേന്ദ്ര- സംസ്ഥാന ഏജൻസികൾ തമ്മിൽ മികച്ച ഏകോപനം പുലർത്തണം. ഭീകരവാദ - ക്രിമിനൽ ബന്ധം കണ്ടെത്തി തടയാൻ ഏജൻസികൾക്കാകണമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ദേശീയ സുരക്ഷാ തന്ത്രങ്ങളെ സംബന്ധിച്ച സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അമിത്ഷാ.

✪✪✪

ഇന്ന് കാർഗിൽ വിജയ് ദിവസ്. 1999 ലെ കാർഗിൽ യുദ്ധ കാലത്ത് ഇന്ത്യൻ സൈനികരുടെ ധീരതയും, ജീവത്യാഗവും അനുസ്മരിക്കാനാണ് രാജ്യവ്യാപകമായി വിജയ് ദിവസ് സംഘടിപ്പിക്കുന്നത്. പാകിസ്ഥാനെതിരെ നേടിയ വിജയത്തിന്റെ 26-ാം വാർഷികമാണിത്.

✪✪✪

RSS സർ സംഘചാലക് ഡോ. മോഹൻ ഭാഗവത് പിറവത്തെ ചിന്തൻ ബൈഠക്കിൽ പങ്കെടുക്കാൻ ഇന്നലെ കൊച്ചിയിലെത്തി. ഇടപ്പള്ളി അമൃത മെഡിക്കൽ കോളജിലെ ജ്ഞാനസഭയിലും അദ്ദേഹം പങ്കെടുക്കും. ഇന്ന് പിറവത്തെ ആദിശങ്കര നിലയത്തിൽ ചിന്തൻ ബൈഠക്കിന് തുടക്കമാകും. നാളെ ഉച്ചകഴിഞ്ഞാണ് ജ്ഞാനസഭ ആരംഭിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 ന്. പരിപാടിയുടെ 124 -ാം പതിപ്പാണിത്. ആകാശവാണി , ദൂരദർശൻ ശൃംഖലയിൽ പരിപാടി തത്സമയം കേൾക്കാവുന്നതാണ്.

✪✪✪

സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. കേരള- ലക്ഷദ്വീപ്- കർണാടക തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ട്. തീരങ്ങളിൽ നിന്ന് മൂന്നു ദിവസം മീൻപിടുത്തത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

ശക്തമായ മഴ സാധ്യതയെ തുടർന്ന് പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി നൽകി.

ന്യൂസ് ഡെസ്‌ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്)...

ഇടുക്കി ചക്കുപള്ളത്ത് ഏലത്തോട്ടത്തിൽ മരക്കൊമ്പ് ഒടിഞ്ഞ് വീണ് സ്ത്രീ തൊഴിലാളി മരിച്ചു. തമിഴ്നാട് KG പെട്ടി സ്വദേശി സുധയാണ് മരിച്ചത്.

പത്തനംതിട്ട ചുങ്കപ്പാറയിൽ വിറകുപുരയ്ക്ക് മുകളിൽ മരം വീണ് വീട്ടുടമ മരിച്ചു. വെള്ളിക്കര ബേബി ജോസഫ് എന്നായാളാണ് മരിച്ചത്. പത്തനംതിട്ട, കോന്നി, സീതത്തോട്, റാന്നി, അടൂർ എന്നിവിടങ്ങളിൽ ഇന്നലെ ശക്തമായ കാറ്റിലും മഴയിലും വലിയ നാശനഷ്ടമുണ്ടായി.

പാലക്കാട് ജില്ലയിലെ ശിരുവാണി ഡാമിലെ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ, ഡാമിന്റെ സ്ലൂയിസ് ഷട്ടറുകൾ രാവിലെ ഉയർത്തും. തീരവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. പറമ്പിക്കുളം ഡാമിന്റെ മൂന്ന് സ്പിൽവേ ഷട്ടറുകൾ ഇന്നലെ രാത്രി ഉയർത്തി.

കണ്ണൂർ ജില്ലയിലും കനത്ത മഴയിലും കാറ്റിലും വ്യാപക നാശനഷ്ടങ്ങളുണ്ടായി. പുലർച്ചെ മൂന്നരയോടെ വീശി അടിച്ച കാറ്റിൽ പലയിടങ്ങളിലും മരങ്ങൾ കടപുഴകി വീണു. ജില്ലയിൽ പലയിടങ്ങളിലും വൈദ്യുതി വിതരണം തടസ്സപ്പെട്ടു. ചിലയിടങ്ങളിൽ ഗതാഗത തടസ്സവും ഉണ്ടായി.

✪✪✪

സംസ്ഥാനത്തെ ജയിലുകളിലെ സുരക്ഷ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി വിളിച്ച ഉന്നതതല യോഗം രാവിലെ ഓൺലൈനായി ചേരും. ജയിൽ മേധാവി, D.I.G മാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

ജയിൽ ചാടിയ ഗോവിന്ദച്ചാമിയെ കണ്ണൂർ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ഇന്നലെ കണ്ണൂർ സെൻട്രൽ ജയിലിലും പരിസരങ്ങളിലും തെളിവെടുപ്പിന് ശേഷമാണ് ഇയാളെ കോടതിയിൽ ഹാജരാക്കിയത്. ഗോവിന്ദച്ചാമിയെ വീണ്ടും കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്ക് മാറ്റി. സുരക്ഷാ കാരണങ്ങൾ പരിഗണിച്ച് ഇയാളെ വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റിയേക്കും.

✪✪✪

സ്കൂളുകളിൽ ഈ വർഷം നടപ്പാക്കിയ സമയമാറ്റം തുടരാൻ തീരുമാനിച്ചതായി മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് അറിയിച്ചു. അടുത്ത അധ്യയന വർഷം ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ അന്നത്തെ സാഹചര്യം പരിഗണിച്ച് ചർച്ച നടത്തുമെന്നും അദ്ദേഹം പറഞ്ഞു. സ്കൂൾ സമയമാറ്റവുമായി ബന്ധപ്പെട്ട് വിവിധ സംഘടനകളുമായി നടത്തിയ ചർച്ചയ്ക്കു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പാക്കുന്ന ആറ് ക്ഷേമപദ്ധതികളിൽ ഇനിമുതൽ അനുബന്ധ തൊഴിലാളികൾക്കും ആനുകൂല്യം ലഭ്യമാകുമെന്ന് മന്ത്രി സജി ചെറിയാൻ അറിയിച്ചു. ഇത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് പുറത്തിറങ്ങി. തൊഴിൽ ചെയ്യുന്നതിനിടെ അപകടം കൊണ്ടല്ലാതെ ആകസ്മിക മരണമുണ്ടായാൽ ആശ്രിതർക്ക് ഒരു ലക്ഷം രൂപ സഹായം ലഭിക്കും.

✪✪✪

ആലപ്പുഴയിലെ അഡ്വക്കേറ്റ് രഞ്ജിത്ത് ശ്രീനിവാസൻ കൊലക്കേസിൽ പത്താം പ്രതിയെ വധശിക്ഷയ്ക്ക് വിധിച്ചു. മാവേലിക്കര അഡീഷണൽ സെഷൻസ് കോടതിയുടേതാണ് ശിക്ഷാ വിധി. കേസിന്റെ ഒന്നാം ഘട്ടത്തിൽ പത്താംപ്രതി വട്ടക്കാട്ടുശ്ശേരി വീട്ടിൽ നവാസ് സുഖമില്ലാതെ ആശുപത്രിയിൽ ആയിരുന്നു. ഇന്നലെ വിഡിയോ കോളിലൂടെ പ്രതിയെ കോടതിയിൽ ഹാജരാക്കുകയായിരുന്നു.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ട് മികച്ച സ്കോറിൽ. മാഞ്ചസ്റ്ററിൽ ഇന്നലെ കളി നിർത്തുമ്പോൾ ഏഴ് വിക്കറ്റ് നഷ്ടത്തിൽ അവർ 544 റൺസെടുത്തു. ഇതോടെ അവർ 186 റൺസ് ഒന്നാം ഇന്നിംഗ്സ് ലീഡ് സ്വന്തമാക്കി. ഇന്ത്യ ആദ്യ ഇന്നിംഗ്സിൽ 358 റൺസിന് എല്ലാവരും പുറത്തായിരുന്നു. രണ്ട് മാച്ച് ജയിച്ച് ഇംഗ്ലണ്ട് അഞ്ച് മത്സര പരമ്പരയിൽ മുന്നിട്ടു നിൽക്കുകയാണ്.

✪✪✪

മലബാർ റിവർ ഫെസ്റ്റിവലിൽ പുലിക്കയം ചാലിപ്പുഴയിലെ കയാക്കിങ് ഫെസ്റ്റിന്റെ ആദ്യ ദിവസം അമച്വർ ബോട്ടർ ക്രോസ്സ് മത്സരങ്ങളിൽ, പുരുഷ-വനിതാ വിഭാഗങ്ങളിൽ മധ്യപ്രദേശ് താരങ്ങൾ ജേതാക്കളായി. ഗാർവ് കോക്കാട്ടേയും, കരിഷ്മ ദിവാനുമാണ് വിജയികൾ.

പുരുഷ വിഭാഗത്തിൽ കോഴിക്കോട്ടെ അക്ഷയ് അശോക് രണ്ടാം സ്ഥാനവും, ബാംഗ്ലൂർ സ്വദേശിയായ മലയാളി അയ്യപ്പൻ ശ്യാം മൂന്നാം സ്ഥാനവും നേടി. വനിതാ വിഭാഗത്തിൽ ഉക്രൈൻ താരം ഓക്സാന ചെർവെഷൻ കൊ, മധ്യപ്രദേശിലെ ആയുഷി എന്നിവർ രണ്ടും മൂന്നും സ്ഥാനം നേടി.

ഇന്ന് പുരുഷ- വനിതാ വിഭാഗം എക്സ്ട്രീം സ്ലാലോം പ്രഫഷണൽ മത്സരവും, പ്രൊഫഷണൽ ബോട്ടർ ക്രോസ്സ് മത്സരവും പുലിക്കയത്ത് നടത്തും.

✪✪✪

കാഞ്ഞങ്ങാട് സൗത്തിൽ മറിഞ്ഞ LPG ടാങ്കറിൽ നിന്ന് വാതകം മാറ്റുന്ന ജോലി പൂർത്തിയായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർകോട് പ്രതിനിധി P ജഗന്നിവാസൻ.........................

.......( വോയ്സ് ).............

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: സിയാബ് ടി പി, ശ്രീജി*
*DEO: ഷീബ:*